ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**EX.IX-1/002305/HSE/2016**

തീയതി:10/11/2017

# <u>സർക്കുലർ</u>

വിഷയം:- ഹയർ സെക്കന്ററി വിദ്യാഭ്യാസം - 2017 ഒക്ടോബർ ഒന്നും രണ്ടും വർഷ തുല്യതാ പരീക്ഷ - മൂല്യനിർണ്ണയം- സംബന്ധിച്ച്

സൂചന :- (1) വിജ്ഞാപനം നമ്പർ EX –IX/ 018770/HSE/2017 തീയതി 22/08/2017

2017 ഒക്ടോബറിൽ നടന്ന ഹയർസെക്കന്ററി തുല്യതാ പരീക്ഷയുടെ രണ്ടാം ഘട്ട മൂല്യനിർണ്ണയം ആറ് സിവി ക്യാമ്പുകളിൽ 14/11/2017 മുതൽ ആരംഭിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ രണ്ടാംഘട്ട മൂല്യനിർണ്ണയം ഇപ്പോഴത്തെ ഘട്ടത്തിന്റെ തുടർച്ചയായി നടത്താവുന്നതാണ്. ഒന്നാംഘട്ടം അവസാനിക്കുന്നതിന്റെ അടുത്തദിവസം രാവിലെ സ്കീം ഫൈനലൈസേഷൻ നടത്തിയതിനുശേഷം മൂല്യനിർണ്ണയം ആരംഭിക്കാവുന്നതാണ്. അധ്യാപകരുടെ ലഭ്യത അനുസരിച്ച് പരമാവധി വേഗത്തിൽ മൂല്യനിർണ്ണയം പൂർത്തിയാക്കേണ്ടതാണ്. ഉത്തരസൂചികയും ചോദ്യപേപ്പറും പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

ഏതെങ്കിലും ക്യാമ്പുകളിൽ സമയബന്ധിതമായി മൂല്യനിർണ്ണയം പൂർത്തിയാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ബോധ്യപ്പെടുകയാണെങ്കിൽ അതാതു ക്യാമ്പ് കോർഡിനേറ്റർമാർക്ക് ഉത്തരക്കടലാസ് ഹോം വാല്യൂവേഷനായി വിതരണം ചെയ്യാവുന്നതാണ്. അത്തരത്തിൽ നൽകുന്ന ഉത്തരക്കടലാസുകളുടെ

രജിസ്റ്റർ നമ്പർ രജിസ്റ്ററിൽ എഴുതിസൂക്ഷിക്കേണ്ടതും തിരിച്ചെത്തിക്കുമ്പോൾ നിശ്ചിത എണ്ണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. മൂല്യനിർണ്ണയം പൂർത്തിയാക്കിയ ഉത്തരക്കടലാസുകൾ ഇതേരീതിയിൽ ചീഫ് സൂപ്രണ്ടിനും സൂക്ഷ്മപരിശോധന യ്ക്കും പുനർ മൂല്യനിർണ്ണയത്തിനുമായി നൽകേണ്ടതാണ്. കേന്ദ്രീകൃത മൂല്യ നിർണ്ണയക്യാമ്പുകളായോ ഹോം വാല്യൂവേഷനായോ 18/11/2017 നോ അതിനു മുമ്പോ സിവി ക്യാമ്പുകൾ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ട താണ്.

ഒന്നാംഘട്ട മൂല്യനിർണ്ണയത്തിനെത്തിയവർക്കും രണ്ടാംഘട്ട മൂല്യ നിർണ്ണയക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. അധികമായി ഫണ്ട് ആവശ്യമെന്ന് ബോധ്യപ്പെടുന്നപക്ഷം ടി വിവരം അടിയന്തിരമായി അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)